പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3050 03/04/2013-ൽ മറുപടിക്ക്

## നാടകകലാകാരൻമാർക്ക് പെൻഷൻ

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | മറുപടി<br>ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
|---|---|
| എ) കലാകാരൻമാർ കൂടുതലുള്ള പ്രൊഫഷണൽ നാടക രംഗത്തെ ശക്തമാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ; | എ) കേരള സംഗീത നാടക അക്കാദമി എല്ലാ വർഷവും പ്രൊഫഷണൽ നാടക മത്സരം സംഘടിപ്പിക്കുകയും ഫൈനലിൽ എത്തുന്ന 10 സമിതികൾക്ക് 1 ലക്ഷം രൂപ വീതം സബ്സിഡി നൽകി പ്രൊഫഷണൽ നാടക രംഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം ലഭിച്ച് 5 വർഷം പൂർത്തിയായ സമിതികളെ ഇൻഷ്വറൻസ് ,മെഡി ക്ലെയിം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ബി) നാടക രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരിൽ പലരുടെയും സ്ഥിതി വളരെ ദയനീയമാണെന്ന യാഥാർത്ഥ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | ബി) ഉണ്ട്.സർക്കാരിന്റെ കലാകാര പെൻഷൻ,കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ നിന്നുള്ള പ്രതിമാസ പെൻഷൻ,അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കുള്ള അടിയന്തിര ചികിൽസാധനസഹായം ,കേരള സംഗീത നാടക അക്കാദമി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് ,മെഡി ക്ലെയിം എന്നിവയിലൂടെ നാടക കലാകാരന്മാരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| സി) നിലവിൽ സംസ്ഥാനത്ത് എത്ര നാടക കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | സി) 325 നാടക കലാകാരന്മാർക്ക് പെൻഷൻ നൽകിവരുന്നു. |

Sheela

സെക്ഷൻ ഓഫീസർ